**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**2019 ജൂലൈ 1 , തിങ്കൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിസെപ് പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ**

**ചോദ്യം : 5362**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ; | 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.ടി വിഭാഗത്തെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയിൽ പ്രസ്തുത ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് വിശദീകരിക്കാമോ? | |

**അക്കൗണ്ട്സ് ഓഫീസർ**